റോഡുനിർമ്മാണാനുമതിക്കായി ധനകാര്യവകുപ്പിലേയ്ക്കയച്ച ഫയൽ

43 [5020] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാപ്പള്ളി-മൂഴിയാർ-വണ്ടിപ്പെരിയാർ റോഡ് നിർമ്മാണത്തിന്റെ ഭരണാനുമതിക്കായുള്ള ഫയൽ എന്നാണ് ധനകാര്യ വകുപ്പിലേയ്ക്കയച്ചത്;

(ബി) പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകേണ്ട ഈ പ്രവൃത്തിയുടെ ഫയൽ എന്തിനാണ് ധനകാര്യവകുപ്പിലേയ്ക്കയച്ചത് എന്ന് അറിയിക്കാമോ;

(സി) ധനകാര്യവകുപ്പിൽനിന്നും ഫയൽ മടക്കി ലഭിക്കുവാൻ എന്തൊക്കെ നടപടികളാണ് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഫയൽ മടക്കികിട്ടാത്ത സാഹചര്യത്തിൽ പുതിയ ഫയൽ ആരംഭിച്ച് പ്രവൃത്തിക്ക് ഭരണാനുമതി നല്കി റോഡ് നിർമ്മാണത്തിന് നബാർഡ് ധനസഹായം ലഭ്യമാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണുദ്ദേശിക്കുന്നത്?

ഉത്തരം

(എ) 4-12-1999-ൽ.

(ബി) ധനകാര്യവകുപ്പിന്റെ അംഗീകാരത്തോടുകൂടി മാത്രമെ ഇതിന് ഭരണാനുമതി നൽകാൻ കഴിയുമായിരുന്നുള്ളൂ. വകുപ്പിനുതന്നെ ഭരണാനുമതി നൽകാൻ കഴിയുന്ന തരത്തിൽ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കമ്മിറ്റി രൂപീകരിച്ചത് 2000-ാമാണ്ടിലാണ്.

(സി) 16-12-1999-ൽ ഫയൽ ധനകാര്യവകുപ്പിൽ നിന്നും തിരികെ ലഭിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ നിർദ്ദേശം പരിഗണനയിലില്ല.

പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയിൽ ഉള്ള കടത്തുകടവുകളും കടത്തുവള്ളങ്ങളും

44 [5021] ശ്രീമതി രാധാരാഘവൻ:
ശ്രീ. ലൂഡി ലൂയിസ്:
,, എൻ. ഡി. അപ്പച്ചൻ:
,, കെ. മുഹമ്മദാലി:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയിൽ എത്ര കടത്തുകടവുകളും കടത്തുവള്ളങ്ങളുമുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) കടത്തുകടവുകളിലെ തകർന്ന കൽപ്പടവുകൾ പുനരുദ്ധരിക്കുവാൻ എന്തെങ്കിലും പദ്ധതിയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്ര കൽപ്പടവുകൾ പുനരുദ്ധരിക്കേണ്ടതായുണ്ട്;

(ഡി) പഴക്കം മൂലം ദ്രവിച്ച് വെള്ളം കയറുന്ന വള്ളങ്ങൾക്ക് പകരം പുതിയ കടത്തുവള്ളങ്ങൾ നൽകുവാനുദ്ദേശ്യമുണ്ടോ;

(ഇ) എത്ര കടത്തുവള്ളങ്ങൾ അടിയന്തിരമായി മാറ്റി പുതിയ വള്ളങ്ങൾ നൽകേണ്ടതുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 244 കടത്തുകളും 311 വള്ളങ്ങളുമുണ്ട്.

(ബി, സി) പഞ്ചായത്തിരാജ് നിലവിൽ വന്നതിനുശേഷം കടത്ത് കടവുകളുടെ പണികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജലവിഭവ വകുപ്പും ആണ് നടത്തി വരുന്നത്.

(ഡി, ഇ) ഫണ്ടിന്റെ ദൗർലഭ്യം മൂലം ഇപ്പോൾ ഭൂരിഭാഗം വള്ളങ്ങളും വാടക യ്ക്കെടുത്താണ് കടത്ത് നടത്തിവരുന്നത്. പൊതുമരാമത്ത് വകുപ്പിൽനിന്നും ഇക്കാര്യ ത്തിൽ കാര്യമായ മാറ്റം വരുത്തുവാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

ബൈപാസുകൾ നിർമ്മിക്കുന്ന നഗരങ്ങൾ

45 [5022] ശ്രീ. കെ. പി. മോഹനൻ:
„ സി. കെ. നാണു:
„ എ. സി. ഷൺമുഖദാസ്:
ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ ഹൈവേകളിൽ ഏതെല്ലാം നഗരങ്ങളിലാണ് ബൈപാസുകളുടെ പണി പൂർത്തീകരിച്ചിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇപ്പോൾ ഏതെല്ലാം ബൈപാസുകളുടെ പ്രവൃത്തിയാണ് നടന്നുകൊണ്ടി രിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനഗവൺമെന്റ് ബൈപാസുകളുടെ പ്രവൃത്തി തുടങ്ങുന്നതിന് മുൻഗണനാക്രമത്തിൽ എന്തെങ്കിലും നിർദ്ദേശം കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ദേശീയപാതയിൽ കൊച്ചി, തൃശ്ശൂർ, പാലക്കാട്, ചാലക്കുടി എന്നീ ബൈപാസുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട്, തലശ്ശേരി-മാഹി, കൊയിലാണ്ടി എന്നീ ബൈപാസുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

(സി) ഇല്ല.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ 5023, 5024 എന്നിവയുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

LIBRARY ARCHIVES Kerala Legislative Assembly